**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6003** **25-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പുനരധിവാസ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുനരധിവാസ പാക്കേജിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം ജീവനോപാധി ബാധിക്കപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC)യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെട്ട ത്തിയിട്ടുണ്ട്. EIA റിപ്പോർട്ടിൽ ജീവനോപാധി നഷ്ടപരിഹാരമായി 8.564 കോടി രൂപയാണ് (റിസോർട്ട് തൊഴിലാളികൾക്ക് ഉൾപ്പെടെ) വകയിരുത്തിയിരുന്നത്. എന്നാൽ, നാളിതുവരെ 107.28 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴി ലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി / ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 263 പേർക്ക് 12.38 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരി ഹാരമായി 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 51 പേർക്ക് 2.14 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. |

നിർമ്മാണ കാലയളവിൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 107.28 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.

മേൽ വിവരിച്ചതിന് പുറമേ, കട്ടമര തൊഴിലാളികൾ, കരമടി തൊഴിലാളികൾ, ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ, റിസോർട്ട് തൊഴിലാളികൾ എന്നിവർക്കായി 8.76 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും സർക്കാർ നൽകിയിട്ടുണ്ട്.പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കു ന്നതിനും പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്രാദേശിക മോണിറ്ററിംഗ് കമ്മറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റിയും നിലവിലുണ്ട്.

- **ഗംഗയാർ തോടിന്റെ ശുചീകരണം**

മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം ഗംഗയാർ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- **ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF)**

ഖര മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. CKCL വാങ്ങിക്കഴിഞ്ഞ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതോടു കൂടി പദ്ധതി ഉദ്ഘാടനം ചെയ്യാവുന്നതാണ്.

- **9 ഓടകളുടെ നിർമ്മാണം**

പദ്ധതി പ്രദേശത്തേക്ക് ഒഴുകിയെത്തുന്ന മാലിന്യവാഹികളായ 9 ഓടകൾ സംയോജിപ്പിച്ചുകൊണ്ട് ഓട നിർമ്മിക്കുന്ന പദ്ധതി HED പൂർത്തീകരിച്ചു വരുന്നുണ്ട്. ഇതിനായി ആവശ്യമായ തുക VISL നൽകിയിരുന്നു. ഇത് കോർപ്പറേഷൻ വക ഓടകളുമായി ബന്ധിപ്പിക്കുന്ന നടപടികൾ തിരുവനന്തപുരം കോർപ്പറേഷൻ നടപ്പിലാക്കേണ്ടതുണ്ട്.

- **മത്സ്യബന്ധന തുറമുഖ നവീകരണം**

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റ് സൗകര്യങ്ങളും, ബർത്തു കളും, ഇതര സൗകര്യങ്ങളും സ്ഥാപിക്കു വാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും VISL ഉം ചേർന്ന് നടപ്പിലാക്കുന്ന താണ്. ഇതിനായി 48 കോടി രൂപയുടെയും 25 കോടി രൂപയുടെയും രണ്ട് പദ്ധതികൾ HED തയ്യാറാക്കി PMMSY സ്കീമിൽ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

- **പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണം**

ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

- **കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC)**

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സ്റ്റാഫ്, ആശുപത്രി യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ ലഭ്യമായാൽ CHC യുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാവുന്നതാണ്.

- **നൈപുണ്യ പരിശീലന കേന്ദ്രം (ASAP)**

തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസര ങ്ങളിൽ യോഗ്യരായ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നുണ്ട്.

വിവിധ തൊഴിലുകളിൽ തൊഴിലന്വേഷ കരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP ന്റെ നൈപുണ്യ പരിശീലന കേന്ദ്രം VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്ന യോഗ്യരായവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതാണ്. ട്രക്ക് ഓപ്പറേറ്റർ തസ്തികയിൽ ആദ്യ ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയ 17 പേർക്കും ലാഷർ തസ്തികയിൽ കോഴ്സ് പൂർത്തിയാക്കിയ 24 പേർക്കും തുറമുഖത്തിൽ ജോലി നൽകിയിട്ടുണ്ട്. നിലവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിംഗ് അസിസ്റ്റന്റ്), ഡൊമസ്റ്റിക് ഡേറ്റ എൻട്രി

ഓപ്പറേറ്റർ എന്നീ കോഴ്സുകൾ ASAP ൽ നടത്തി വരുന്നുണ്ട്. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെ ടെയുള്ള മറ്റനവധി കോഴ്സുകൾ നടപ്പിലാക്കുന്നത് ASAP പരിഗണിച്ചു വരുന്നുണ്ട്.

- **സീഫുഡ് പാർക്ക്**

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളി കൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം മാറ്റി വച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

- **10 കിടക്കകളുള്ള ആശുപത്രി**

കോട്ടപ്പുറം വാർഡിൽ 10 കിടക്കകളുള്ള ഒരു ആശുപത്രി സ്ഥാപിക്കുന്നതാണ്. നിലവിലെ കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനു സമീപമുള്ള ഇടവകയുടെ സ്ഥലവും ചേർത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 11 കോടി രൂപ മതിപ്പ് ചെലവു വരുന്ന ഒരു പദ്ധതി DMO സമർപ്പിച്ചിട്ടുണ്ട്. സബ് സെന്ററിനോട് ചേർന്ന് ആശുപത്രി സ്ഥാപിക്കുന്നതിനായി വിട്ടു നൽകാമെന്ന് ഇടവക സമ്മതിച്ച സ്ഥലം നാളിതു വരെ വിട്ടുനൽകിയിട്ടില്ല.

- **പകൽവീട്**

പകൽവീട് നിർമ്മിക്കുന്നതിനായി 5.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പകൽ വീടിനായി തെഞ്ഞെടുത്ത സ്ഥലം അനുയോജ്യമല്ലാ ത്തതിനാൽ ഭരണാനുമതി റദ്ദാക്കുകയും പുതിയ സ്ഥലം കണ്ടെത്തുന്നതിന് VISL നടപടി സ്വീകരിച്ചുവരുന്നു.

- **കുടിവെള്ള വിതരണം**

തുറമുഖ പദ്ധതിയ്ക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശ ലക്ഷം ലിറ്ററിന്റെ പ്ലാന്റിൽ നിന്നുള്ള കുടിവെള്ളം പദ്ധതി പ്രദേശത്ത് വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനു പുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കോട്ടപ്പുറം പ്രദേശത്ത് 1.74 കോടി രൂപയുടെ പദ്ധതി പ്രകാരം ആയിരത്തോളം കുടിവെള്ള പൈപ്പ് കണക്ഷനുകൾ KWA മുഖാന്തിരം കോട്ടപ്പുറം വാർഡിൽ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ചുരുക്കം ചില കണക്ഷനുകൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനായുള്ള നടപടികൾ KWA സ്വീകരിച്ച് വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | • **വിദ്യാഭ്യാസ മേഖല**<br><br>കോട്ടപ്പുറത്തെ എയ്ഡഡ് സ്കൂളിൽ ആവശ്യമായ അഡീഷണൽ ഡിവിഷൻ നൽകുന്നത് സംബന്ധിച്ച് വിദ്യാഭാസ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.<br><br>വിഴിഞ്ഞം നോർത്ത് മേഖലയിലെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി HED യുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ജില്ലാ കളക്ടറുടെ നടപടിക്രമങ്ങളിലൂടെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുന്നതിനായുള്ള ശിപാർശ ജില്ലാ കളക്ടറും VISL ഉം പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പി ച്ചിട്ടുണ്ട്. ടി വിഷയം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.<br><br>• **കായിക മേഖല**<br><br>കോട്ടപ്പുറം പ്രദേശത്ത് HED യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1.75 കോടി രൂപ ചെലവിൽ SKF മുഖാന്തിരം ആധുനിക സൗകര്യങ്ങളോട് കൂടിയ കളിസ്ഥലം സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. SKF മുഖാന്തിരം ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വിഴിഞ്ഞം നോർത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള 2.5 കോടി രൂപയുടെ പ്രൊപ്പോസൽ SKF സമർപ്പിച്ചിട്ടുണ്ട്. ഈ സ്ഥലം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നതി നായുള്ള അപേക്ഷ HED സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പാക്കേജിൽ നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക, ഇനി നടപ്പാക്കാനുള്ള പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം ജീവനോപാധി ബാധിക്കപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC)യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെട്ടു ത്തിയിട്ടുണ്ട്. EIA റിപ്പോർട്ടിൽ ജീവനോപാധി നഷ്ടപരിഹാരമായി 8.564 കോടി രൂപയാണ് (റിസോർട്ട് തൊഴിലാളികൾക്ക് ഉൾപ്പെടെ) വകയിരുത്തിയിരുന്നത്. എന്നാൽ, നാളിതുവരെ |

107.28 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴി ലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി / ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 263 പേർക്ക് 12.38 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരി ഹാരമായി 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 51 പേർക്ക് 2.14 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 107.28 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.

മേൽ വിവരിച്ചതിന് പുറമേ, കട്ടമര തൊഴിലാളികൾ, കരമടി തൊഴിലാളികൾ, ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ, റിസോർട്ട് തൊഴിലാളികൾ എന്നിവർക്കായി 8.76 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും സർക്കാർ നൽകിയിട്ടുണ്ട്.പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കു ന്നതിനും പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്രാദേശിക മോണിറ്ററിംഗ് കമ്മറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റിയും നിലവിലുണ്ട്.

- **ഗംഗയാർ തോടിന്റെ ശുചീകരണം**

മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം ഗംഗയാർ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കി പദ്ധതി

നടപ്പിലാക്കിയിട്ടുണ്ട്.

- **ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF)**

ഖര മാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. CKCL വാങ്ങിക്കഴിഞ്ഞ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതോടു കൂടി പദ്ധതി ഉദ്ഘാടനം ചെയ്യാവുന്നതാണ്.

- **9 ഓടകളുടെ നിർമ്മാണം**

പദ്ധതി പ്രദേശത്തേക്ക് ഒഴുകിയെത്തുന്ന മാലിന്യവാഹികളായ 9 ഓടകൾ സംയോജിപ്പിച്ചുകൊണ്ട് ഓട നിർമ്മിക്കുന്ന പദ്ധതി HED പൂർത്തീകരിച്ചു വരുന്നുണ്ട്. ഇതിനായി ആവശ്യമായ തുക VISL നൽകിയിരുന്നു. ഇത് കോർപ്പറേഷൻ വക ഓടകളുമായി ബന്ധിപ്പിക്കുന്ന നടപടികൾ തിരുവനന്തപുരം കോർപ്പറേഷൻ നടപ്പിലാക്കേണ്ടതുണ്ട്.

- **മത്സ്യബന്ധന തുറമുഖ നവീകരണം**

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റ് സൗകര്യങ്ങളും, ബർത്തു കളും, ഇതര സൗകര്യങ്ങളും സ്ഥാപിക്കു വാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും VISL ഉം ചേർന്ന് നടപ്പിലാക്കുന്ന താണ്. ഇതിനായി 48 കോടി രൂപയുടെയും 25 കോടി രൂപയുടെയും രണ്ട് പദ്ധതികൾ HED തയ്യാറാക്കി PMMSY സ്കീമിൽ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

- **പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണം**

ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

- **കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC)**

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സ്റ്റാഫ്, ആശുപത്രി യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ ലഭ്യമായാൽ CHC യുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കാവുന്നതാണ്.

- **നൈപുണ്യ പരിശീലന കേന്ദ്രം (ASAP)**

തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസര ങ്ങളിൽ യോഗ്യരായ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നുണ്ട്.

വിവിധ തൊഴിലുകളിൽ തൊഴിലന്വേഷ കരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP ന്റെ നൈപുണ്യ പരിശീലന കേന്ദ്രം VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്ന യോഗ്യരായവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതാണ്. ട്രക്ക് ഓപ്പറേറ്റർ തസ്തികയിൽ ആദ്യ ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയ 17 പേർക്കും ലാഷർ തസ്തികയിൽ കോഴ്സ് പൂർത്തിയാക്കിയ 24 പേർക്കും തുറമുഖത്തിൽ ജോലി നൽകിയിട്ടുണ്ട്. നിലവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിംഗ് അസിസ്റ്റന്റ്), ഡൊമസ്റ്റിക് ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്നീ കോഴ്സുകൾ ASAP ൽ നടത്തി വരുന്നുണ്ട്. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെ ടെയുള്ള മറ്റനവധി കോഴ്സുകൾ നടപ്പിലാക്കുന്നത് ASAP പരിഗണിച്ചു വരുന്നുണ്ട്.

- **സീഫുഡ് പാർക്ക്**

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളി കൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം മാറ്റി വച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

- **10 കിടക്കകളുള്ള ആശുപത്രി**

കോട്ടപ്പുറം വാർഡിൽ 10 കിടക്കകളുള്ള ഒരു ആശുപത്രി സ്ഥാപിക്കുന്നതാണ്. നിലവിലെ കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനു സമീപമുള്ള ഇടവകയുടെ സ്ഥലവും ചേർത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 11 കോടി രൂപ മതിപ്പ് ചെലവു വരുന്ന ഒരു പദ്ധതി DMO സമർപ്പിച്ചിട്ടുണ്ട്. സബ് സെന്ററിനോട് ചേർന്ന് ആശുപത്രി സ്ഥാപിക്കുന്നതിനായി വിട്ടു നൽകാമെന്ന് ഇടവക സമ്മതിച്ച സ്ഥലം നാളിതു വരെ വിട്ടുനൽകിയിട്ടില്ല.

- **പകൽവീട്**

പകൽവീട് നിർമ്മിക്കുന്നതിനായി 5.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പകൽ വീടിനായി തെഞ്ഞെടുത്ത സ്ഥലം അനുയോജ്യമല്ലാ ത്തതിനാൽ ഭരണാനുമതി റദ്ദാക്കുകയും പുതിയ സ്ഥലം കണ്ടെത്തുന്നതിന് VISL നടപടി സ്വീകരിച്ചുവരുന്നു.

- **കുടിവെള്ള വിതരണം**

തുറമുഖ പദ്ധതിയ്ക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശ ലക്ഷം ലിറ്ററിന്റെ പ്ലാന്റിൽ നിന്നുള്ള കുടിവെള്ളം പദ്ധതി പ്രദേശത്ത് വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനു പുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കോട്ടപ്പുറം പ്രദേശത്ത് 1.74 കോടി രൂപയുടെ പദ്ധതി പ്രകാരം ആയിരത്തോളം കുടിവെള്ള പൈപ്പ് കണക്ഷനുകൾ KWA മുഖാന്തിരം കോട്ടപ്പുറം വാർഡിൽ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ചുരുക്കം ചില കണക്ഷനുകൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനായുള്ള നടപടികൾ KWA സ്വീകരിച്ച് വരുന്നുണ്ട്.

- **വിദ്യാഭ്യാസ മേഖല**

കോട്ടപ്പുറത്തെ എയ്ഡഡ് സ്കൂളിൽ ആവശ്യമായ അഡീഷണൽ ഡിവിഷൻ നൽകുന്നത് സംബന്ധിച്ച് വിദ്യാഭാസ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം നോർത്ത് മേഖലയിലെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി HED യുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ജില്ലാ കളക്ടറുടെ നടപടിക്രമങ്ങളിലൂടെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുന്നതിനായുള്ള ശിപാർശ ജില്ലാ കളക്ടറും VISL ഉം പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പി ച്ചിട്ടുണ്ട്. ടി വിഷയം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

- **കായിക മേഖല**

കോട്ടപ്പുറം പ്രദേശത്ത് HED യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1.75 കോടി രൂപ ചെലവിൽ SKF മുഖാന്തിരം ആധുനിക സൗകര്യങ്ങളോട് കൂടിയ കളിസ്ഥലം സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. SKF മുഖാന്തിരം ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | വിഴിഞ്ഞം നോർത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള 2.5 കോടി രൂപയുടെ പ്രൊപ്പോസൽ SKF സമർപ്പിച്ചിട്ടുണ്ട്. ഈ സ്ഥലം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നതി നായുള്ള അപേക്ഷ HED സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ